**വളരെ അടിയന്തിരം**

പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം
പബ്ലിക് ഓഫീസ് പി ഓ , 695033 ,
തിരുവനന്തപുരം
dbtcell2017@gmail.com
0471-2327526 തീയതി : 25/11/2019

**സർക്കുലർ**

വിഷയം: – സാമൂഹ്യ സുരക്ഷാ പെൻഷൻ- മസ്റ്ററിംഗ്- ഗുണഭോക്താക്കൾക്ക് മതിയായ സൗകര്യം ഏർപ്പെടുത്തുന്നത് – സംബന്ധിച്ച്.

സൂചന: – ധനകാര്യ വകുപ്പിന്റെ 20.11.2019 തീയതിയിലെ 650901/SFC B2/17/ധന. നമ്പർ കത്തിലെ നിർദ്ദേശം.

സാമൂഹ്യ സുരക്ഷാ പെൻഷൻ മസ്റ്ററിംഗ് സംബന്ധിച്ച് ഗുണഭോക്താക്കൾ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് . ആയതിനാൽ മസ്റ്ററിംഗ് സമയബന്ധിതമായി പൂർത്തിയാക്കാൻ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർക്ക് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

1. മസ്റ്ററിംഗ് നടത്തുന്നതിലേക്ക് ഗുണഭോക്താക്കളുടെ സൗകര്യാർത്ഥം ക്യാമ്പുകൾ ക്രമീകരിക്കാവുന്നതാണ്. ഇത്തരത്തിൽ ക്യാമ്പുകൾ ക്രമീകരിക്കുമ്പോൾ അക്ഷയ പ്രതിനിധികൾ ക്യാമ്പിലെത്തി മസ്റ്ററിംഗ് ചെയ്ത് നൽകുന്നതാണ്.

2. ക്യാമ്പുകളിൽ ഇരിപ്പിട സൗകര്യവും കുടിവെള്ള സൗകര്യവും ശുചിമുറി സൗകര്യവും ഉണ്ടായിരിക്കേണ്ടതാണ്.

3. ക്യാംപ് നടത്തുമ്പോൾ ആ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ കഴിയുന്നത്ര അക്ഷയക്കാരെ പങ്കെടുപ്പിക്കണം .

4. പരിമിത സൗകര്യം മാത്രമുള്ള അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് മാറി ക്യാംപുകൾ നല്ല സൗകര്യമുള്ള ഇടങ്ങളിൽ ആകുമ്പോൾ പ്രായമേറിയ ഗുണഭോക്താക്കൾക്ക് കൂടുതൽ സൗകര്യപൂർവ്വം മസ്റ്ററിംഗ് ചെയ്യാൻ സാധിക്കും.

5. ക്യാംപ് സംഘടിപ്പിക്കേണ്ടത് പൊതു ഇടങ്ങളിലായിരിക്കുന്നതാണ് അഭികാമ്യം.

6. ക്യാംപ് സംഘടിപ്പിക്കുന്ന പ്രദേശത്തെ ജനപ്രതിനിധികളുമായി ബന്ധപ്പെട്ട് അവരുടെ സഹകരണവും മേൽനോട്ടവും ഉറപ്പ് വരുത്തേണ്ടതാണ്. ഇത് സംബന്ധിച്ച്

പ്രാദേശികമായി അറിയിപ്പ് നൽകേണ്ടതാണ്.

7. മസ്റ്ററിംഗിന്റെ ചെലവ് പൂർണ്ണമായിട്ടും സർക്കാർ വഹിക്കുന്നതാണ് . അക്ഷയ കേന്ദ്രങ്ങൾ ഗുണഭോക്താക്കളിൽ നിന്നും യാതൊരു വിധ തുകകളും ഈടാക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. അത്തരത്തിൽ പണം വാങ്ങിയതായി അറിഞ്ഞാൽ ഐ ടി മിഷൻ ഡയറക്ടർക്ക് വിവരം റിപ്പോർട്ട് ചെയ്യേണ്ടതും പകർപ്പ് പഞ്ചായത്ത് ഡയറക്ടർക്ക് അയച്ചു തരേണ്ടതുമാണ്.

8. കിടപ്പ് രോഗികളുടെ മസ്റ്ററിംഗ് അക്ഷയ കേന്ദ്രം പ്രതിനിധികൾ 11.12.2019 മുതൽ 15.12.2019 വരെ വീട്ടിൽ വന്ന് ചെയ്യുന്നതായിരിക്കും. ഇവരുടെ കുടുംബാംഗം നിശ്ചിത പ്രൊഫോർമയിലുള്ള അപേക്ഷ 09.12.2019 നകം ബന്ധപ്പെട്ട് പ്രാദേശിക സർക്കാർ സെക്രട്ടറിക്ക് നൽകേണ്ടതാണ്.

9. ഇങ്ങനെ ലഭിക്കുന്നവരുടെ ലിസ്റ്റ് സെക്രട്ടറി അവരുടെ അതിർത്തിയിലെ ബന്ധപ്പെട്ട അക്ഷയ കേന്ദ്രത്തെ 10.12.2019 ന് അറിയിക്കേണ്ടതാണ്.

10. jeevanrekha.gov.in എന്ന വെബ് സൈറ്റ് മുഖാന്തിരമേ മസ്റ്ററിംഗ് നടത്താൻ പാടുള്ളൂ.

11. മസ്റ്റർ ചെയ്ത ഗുണഭോക്താക്കൾ അക്ഷയ കേന്ദ്രത്തിൽ നിന്നും രസീത് കൈപ്പറ്റേണ്ടതാണ്.

Signature valid
Digitally signed by BALAKRISHNAN SUBHADRA THIRUMENI
Date: 2019.11.25 15:50:00 IST
Reason: Approved

**ഡോ.ബി.എസ് .തിരുമേനി ഐ.എ.എസ്**
**പഞ്ചായത്ത് ഡയറക്ടർ**

<u>പകർപ്പ്</u>

1. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും( പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖാന്തിരം)
2. എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും( നഗരകാര്യ ഡയറക്ടർ മുഖേന)
3. കരുതൽ ഫയൽ അധികം